ഉത്തരം

(എ) 1981 ലെ സെൻസസ് അനുസരിച്ച് 19,00,904.

(ബി) 1981-ലെ സെൻസസ് അനുസരിച്ച് 70,516.

(സി, ഡി) ഈ വകുപ്പിൽ കർഷക തൊഴിലാളികളുടെ കണക്ക് തിട്ടപ്പെടുത്തുന്നില്ല.

കർഷക തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ

93 [295] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കർഷക തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ കിട്ടത്തക്കവിധം നിലവിലുള്ള നിയമം ഭേദഗതി ചെയ്യുകയോ അല്ലെങ്കിൽ ഗവൺമെൻറിൽ നിന്ന് തൊഴിലാളി പെൻഷൻ നൽകുന്നതുപോലെ പ്രസാവാനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ ?

ഉത്തരം

ഇക്കാര്യം ഗവൺമെൻറ് മുമ്പ് പരിശോധിക്കുകയുണ്ടായെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം ഇത് ഉപേക്ഷിക്കുകയാണുണ്ടായത്. തൽക്കാലം ഈ തീരുമാനം പുനഃപരിശോധിക്കാനുള്ള ഉദ്ദേശമില്ല.

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽനിന്ന് നൽകിയ കടങ്ങൾ

94 [296] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15–8–1985 വരെ കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിലെ ഇരിപ്പു സംഖ്യ എത്രയാണ്;

(ബി) ഈ നിധിയിൽനിന്ന് 15–8–1985 വരെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര സംഖ്യ വീതം നൽകിയിട്ടുണ്ട്;

(സി) നൽകിയ സംഖ്യ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാത്ത സ്ഥാപനങ്ങളുടെ പേരുകൾ പറയാമോ;

(ഡി) സംസ്ഥാന ഗവൺമെൻറ് കടമെടുത്തിട്ടുള്ള സംഖ്യ എത്രയാണ്;

(ഇ) 5–8–1985-ൽ കൂടിയ ബോർഡ് യോഗം കേരള പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫയർ സൊസൈറ്റിക്ക് 2 കോടി രൂപ കടം നൽകാൻ തീരുമാനിച്ചുവോ;

(എഫ്) എന്ത് ഉറപ്പിൻെറ അടിസ്ഥാനത്തിലാണ് ഈ സംഖ്യ നൽകുക;

(ജി) നൽകുന്ന സംഖ്യയ്ക്കു ഗവൺമെൻറിൽനിന്നു ഗ്യാരൻറി വാങ്ങിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എച്ച്) ഗവൺമെൻറ് ഗ്യാരൻറിനിന്ന് ഏതെല്ലാം സ്ഥാപനങ്ങൾക്ക് ബോർഡിൽനിന്നു കടം നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 38,75,83,900 രൂപ

	(ബി)	സ്ഥാപനം	വായ്പത്തുക (ലക്ഷത്തിൽ)
1.		കേരളാ ഹെൽത്ത് റിസർച്ച് ആൻറ് വെൽഫയർ സൊസൈറ്റി	210.00
2.	(i)	കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്	200.00
	(ii)	ടി ബോർഡിനു തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി കൊടുത്തിരിക്കുന്നത്	5.00
3.		കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർ പ്രൈസസ് ലിമിറ്റഡ്	100.00
4.		കേരളാ അഗ്രോ മെഷിനറി കോർപ്പറേഷൻ	100.00
5.		കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ	100.00
6.		ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്	90.00

(സി) 1. കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.
2. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ.
3. ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്

(ഡി) സംസ്ഥാന ഗവൺമെൻറിൻെറ ഇപ്പോഴത്തെ കടബാദ്ധ്യത മൊത്തം 21,85,14,639.50 രൂപയാണ്.

(ഇ, എഫ്) കേരള പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫയർ സൊസൈറ്റിക്ക് (രജി. നമ്പർ 442/85) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം വികസിപ്പിക്കുന്നതിനു ആവശ്യമായ 2 കോടി രൂപ ബാങ്കുകളിൽനിന്നും കടം എടുക്കുന്നതിനു സഹായിക്കുന്നതിനായി, അങ്ങനെ കടം കൊടുക്കുന്നതും, ക്ഷേമനിധി ബോർഡിൻെറ ലിസ്റ്റിൽ പ്പെടുന്നതുമായ ബാങ്കുകൾക്കു വേറെ പ്രത്യേക വ്യവസ്ഥകൂടാതെ 2 (രണ്ട്) കോടിരൂപ വരെ ബോർഡിൻെറ നിക്ഷേപം നൽകുന്നതിനും ഈ തീരുമാനം ഏതെങ്കിലും കാരണവശാൽ നടക്കാതിരുന്നാൽ മാത്രം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ബോർഡിൻെറ സ്ഥിര നിക്ഷേപങ്ങളുടെ 75 ശതമാനത്തിൽ കവിയാത്തതുക ബാങ്കുകളിൽ നിന്നും കടമെടുത്ത് പരമാവധി 2 (രണ്ട്) കോടി രൂപ, കേരളാ പോലീസ് സ്പോർട്സ് ആൻറ് യൂത്ത് വെൽഫയർ സൊസൈറ്റിക്കു വായ്പയായി നൽകുന്നതിനും തീരുമാനിച്ചു.

1. ടി സൊസൈറ്റിക്കു കടമെടുക്കാനുള്ള അധികാരവും ആയതിലേയ്ക്ക് ബോർഡ് നൽകുന്ന വായ്പക്കു ബോർഡുമായി എഗ്രിമെൻറ് ഒപ്പുവയ്ക്കാനുള്ള അധികാരവും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

2. സ്റ്റേറേഡിയം പണിയുന്നതിനുള്ള ഭൂമിയിൻമേൽ സൊസൈറ്റിക്കു നിയമാനുസൃതമായ പരിപൂർണ്ണ അവകാശം ഉണ്ടായിരിക്കേണ്ടതും സ്റ്റേറേഡിയത്തിൻറെയും അനുബന്ധ സ്ഥലങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗത്തിൽ നിന്നുള്ള വരവിൻമേൽ സൊസൈറ്റിക്ക് പരമാധികാരം ഉണ്ടായിരിക്കേണ്ടതുമാണ്.

3. സൊസൈറ്റി 15 ശതമാനം പലിശ സഹിതം 1986 ഫെബ്രുവരി 1-ാം തീയതി തുടങ്ങി തുടരെയുള്ള നാല് അർദ്ധ വാർഷിക ഗഡുക്കളായി മുതലും പലിശയും ബോർഡിൽ തിരിച്ചടയ്ക്കേണ്ടതും 1987 ആഗസ്റ്റ് 1-ാം തീയതികൊണ്ട് തിരിച്ചടയ്ക്കൽ തീർക്കേണ്ടതുമാണ്.

4. മുതലിൻറേയോ, പലിശയുടെയോ ഏതെങ്കിലും സംഖ്യ നൽകുന്നതിനു വീഴ്ച്ച വന്നാൽ ഓരോ പത്തു രൂപയ്ക്കും അതിൻറെ അംശത്തിനും പ്രതിദിവസം അര പൈസ എന്ന നിരക്കിൽ പിഴപ്പലിശ നൽകേണ്ടതാണ്.

5. സൊസൈറ്റി എടുക്കുന്ന മേൽപ്പടി വായ്പയും പലിശയും കൃത്യസമയത്ത് തിരിച്ചടയ്ക്കുന്നതിനു സംസ്ഥാന ഗവൺമെൻറ് നിരുപാധികവും പൂർണ്ണവുമായ ഗ്യാരൻറി നൽകണം.

(ജി) 5-8-1985-ലെ ബോർഡു തീരുമാനപ്രകാരംബോർഡിൽ നിന്നും നേരിട്ട് സൊസൈറ്റിക്ക് വായ്പ നൽകേണ്ടതായി വന്നിട്ടില്ലാത്തതിനാൽ ഗവൺമെൻറ് ഗ്യാരൻറി നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല.

(എച്ച്) തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി കേരള സ്റ്റേറേറ് ഹൗസിംഗ് ബോർഡിനു കൊടുത്തിരിക്കുന്ന വായ്പയ്ക്കൊഴികെ ഉപചോദ്യം (സി) യ്ക്കുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഗവൺമെൻറ് ഗ്യാരൻറിയിലാണ് വായ്പ നൽകിയിട്ടുള്ളത്.

ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി

95 [297] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകാര്യ മേഖലയിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ

96 [298] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ഫാക്ടറികൾ ഏതെല്ലാമാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്;

(ബി) ഇതിൻറെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly